**<u>പ്രധാനമന്ത്രിയുടെ ഇസ്രായേല് സന്ദര്ശനം  (ജൂലൈ 4-6, 2017)</u>**

ജൂണ് 28. 2017

1. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ജൂലൈ  നാല് മുതല് ആറു വരെ (ജൂലൈ 4-6 , 2017 ) ഇസ്രായേല് സന്ദർശിക്കുന്നു.  ഇസ്രായേല് പ്രധാന മന്ത്രി ഹിസ് എക്സലൻസി ബെഞ്ചമിന് നെതാന്യഹുവിന്റെ ക്ഷണം അനുസരിച്ചാണ് സന്ദർശനം . ഇസ്രായേലിലേക്കുള്ള ഒരു ഇന്ത്യന് പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനമായിരിക്കുമിത് .

2. സന്ദർശനത്തോട് അനുബന്ധിച്ച് പരസ്പരം താത്പര്യമുള്ള എല്ലാ വിഷയങ്ങളിലും പ്രധാന മന്ത്രി പ്രധാനമന്ത്രി നെതന്യാഹുവുമായി വിശദമായി ചർച്ച ചെയ്യും അതോടൊപ്പം പ്രസിഡണ്ട് റിവിനുമായും കൂടിക്കാഴ്ച നടത്തും.  ഹയ്ഫയിലെ ഇന്ത്യന് സെമിത്തേരിയില് ഇന്ത്യന് ഭടന്മാർക്ക് ആദരാഞ്ജലികള് അർപ്പിക്കുക, ടെല് അവീവിലെ ചടങ്ങില് ഇന്ത്യന് സമൂഹത്തെ അഭിസംബോധന ചെയ്യുക എന്നിവ അദ്ദേഹത്തിന്റെ സന്ദര്ശന പരിപാടികളില് ഉൾപ്പെടുന്നു .

3. ഇസ്രായേലുമായി ഇന്ത്യ 1992 മുതല് നയതന്ത്ര ബന്ധങ്ങള് സ്ഥാപിച്ചിരുന്നു , അന്ന് മുതല് ബന്ധം ബഹുമുഖ മാനമുള്ള പങ്കാളിത്തത്തിലേക്ക് മാറുകയും ചെയ്തു. നയതന്ത്ര ബന്ധങ്ങള് സ്ഥാപിച്ചതിന്റെ  25 വര്ഷങ്ങള് ഈ വർഷം ഇരു രാജ്യങ്ങളും ആഘോഷിക്കുന്നു . പ്രധാനമന്ത്രിയുടെ സന്ദർശനം പരസ്പരം താത്പര്യമുള്ള മേഖലകളില് ശക്തമായ ഉഭയകക്ഷി ബന്ധങ്ങൾക്ക് പ്രചോദനം ആകും

ന്യൂഡെൽഹി
ജൂണ്  28, 2017